# ശബരിമല വാർത്താക്കുറിപ്പ്

# 30.11.2024

മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## ശബരിമലയിൽ നെയ്യ് വിളക്ക് സമർപ്പിക്കാൻ ഭക്തർക്കവസരം

ശബരിമലയിൽ ഭഗവാന്റെ ഇഷ്ടവഴിപാടായ നെയ്യ് വിളക്ക് സമർപ്പിക്കുവാൻ ഭക്ത ജനങ്ങൾക്ക് അവസരം. നെയ് വിളക്കിന്റെ ഉദ്ഘാടനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. പി എസ് പ്രശാന്തുംദേവസ്വം ബോർഡ് അംഗം അഡ്വ.എ അജികുമാറും ചേർന്ന് സന്നിധാനത്ത് നിർവഹിച്ചു.

ഈ മണ്ഡലകാലത്ത് നവംബർ **29** മുതൽ എല്ലാ ദിവസവും വൈകിട്ട് മൂന്ന് മണി മുതൽ ദീപാരധന വരെയാണ് ഭക്തർക്ക് നെയ് വിളിക്ക് സമർപ്പിക്കാൻ അവസരം. ഒരു നെയ്യ് വിളക്കിന് **1000** രൂപയാണ് ടിക്കറ്റ് ചാർജ് . ക്ഷേത്രത്തിന് സമീപമുള്ള അഷ്ടാഭിഷേക കൗണ്ടറിൽ നിന്നും ടിക്കറ്റുകൾ വാങ്ങാം. തുടർന്ന് നെയ്യ് വിളക്ക് സമർപ്പിക്കുവാനുള്ള സജ്ജീകരണങ്ങൾ ദേവസ്വം ബോർഡ് ഒരുക്കിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഓഫീസർ ബി മുരാരി ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിജു വി നാഥ്, എ ഇ ഒ ശ്രീനിവാസൻ, സോപാനം സ്പെഷ്യൽ ഓഫീസർ ജയകുമാർ എന്നിവർ പങ്കെടുത്തു.

## ശബരീശനായി പാൽ ചുരത്തി സന്നിധാനത്തെ ഗോശാല

ശബരിമല: സന്നിധാനത്തെ ആചാരങ്ങൾക്കും വഴിപാടുകൾക്കും ഉപയോഗിക്കുന്ന പാൽ സന്നിധാനത്തെ ഗോശാലയിൽനിന്ന്. വെച്ചൂരും ജഴ്സിയുമടക്കം വിവിധ ഇനങ്ങളിലുള്ള **25** പശുക്കളാണ് ഗോശാലയിലുള്ളത്.

പശ്ചിമബംഗാളിലെ സൗത്ത് **24** പർഗാന സ്വദേശിയായ ആനന്ദ് സാമന്തോയാണ് ഒൻപതുവർഷമായി ഗോശാലയുടെ പരിപാലകൻ. പുലർച്ചെ ഒന്നരയോടെ ഗോശാല ഉണരുമെന്നും രണ്ടു മണിക്ക് ആചാരങ്ങൾക്കും വഴിപാടുകൾക്കും ഉപയോഗിക്കാനായി സന്നിധാനത്ത് പാൽ എത്തിക്കുമെന്നും ആനന്ദ് പറഞ്ഞു. ഉച്ചകഴിഞ്ഞ് രണ്ടിനും പാൽ സന്നിധാനത്ത് എത്തിക്കും.

പശുക്കളിൽ അഞ്ചെണ്ണം വെച്ചൂർ ഇനത്തിലുള്ളതും ബാക്കി ജഴ്സി, എച്ച്.എഫ്. ഇനത്തിലുള്ളതുമാണ്. ഇവയെല്ലാം ഭക്തർ ശബരീശന് സമർപ്പിച്ചതാണ്. പശുക്കളെ കൂടാതെ ഭക്തർ സമർപ്പിച്ച **18** കോഴികളും ഒരു ആടും ഗോശാലയിലുണ്ട്.
വൃത്തിയോടും ശ്രദ്ധയോടുമാണ് പശുക്കളെ പരിപാലിക്കുന്നത്. ഫാനും ലൈറ്റുമടക്കം ഗോക്കൾക്ക് എല്ലാ സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്. തന്റെ ജീവിതത്തിലെ ഏറ്റവും മനോഹരവും ആസ്വാദ്യകരവുമായ ജോലിയാണ് സന്നിധാനത്തെ പശുപരിപാലനമെന്ന് ആനന്ദ് സാമന്തോ പറയുന്നു.

## പതിനെട്ടിന്റെ പുണ്യമായി തൈനട്ട് ഗുരുസ്വാമിമാർ

- ദിവസം ഇരുനൂറിലേറെ ഭക്തർ തെങ്ങിൻ തൈ നടുന്നു

ശബരിമല: ദിവസം ഇരുനൂറിലധികം സ്വാമിമാരാണ് സന്നിധാനത്തെ ഭസ്മക്കുളത്തിനു സമീപം പതിനെട്ടാംവർഷത്തെ വരവറിയിച്ച് തെങ്ങിൻ തൈ നടുന്നത്. നാൽപ്പത്തിയൊന്നുദിവസം വ്രതമെടുത്ത്

എത്തുന്ന സ്വാമിമാർ ഭസ്മക്കുളത്തിൽ മുങ്ങിക്കുളിച്ചശേഷമാണ് ദേവസ്വം ബോർഡ് ഒരുക്കിയിട്ടുള്ള പ്രത്യേക സ്ഥലത്ത് തെങ്ങിൻ തൈ നടുക.

**18** വർഷം പതിനെട്ടാംപടി ചവിട്ടിയവരാണ് ഗുരുസ്വാമിയായി അറിയപ്പെടുന്നത്. തെങ്ങിൻ തൈ നടാനെത്തുന്ന ഗുരുസ്വാമിമാരിൽ കൂടുതലും തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്. തെങ്ങിൻ തൈ കൂടുതലാകുമ്പോൾ ലേലം ചെയ്ത് നഴ്സറികൾക്ക് നൽകുന്നു."**2004** മുതൽ സന്നിധാനത്ത് എത്തുന്നതാണ്. ഇത് **18-**ാം വർഷമാണ്. ഗുരുസ്വാമിയാകാൻ അയ്യപ്പസ്വാമി അനുഗ്രഹിച്ചിരിക്കുന്നു.

**18** വർഷം ലഭിച്ച അനുഗ്രഹത്തിനായി തെങ്ങിൻ തൈ നട്ട"മൈസൂർ നഞ്ചൻകോട് സ്വദേശിയും കർണാടക റോഡ് ട്രാൻസ്പോർട്ട് കോർപറേഷനിൽ ഡ്രൈവറുമായ പി. ശ്രീനിവാസൻ പറയുന്നു. മൂന്നാംക്ലാസ് വിദ്യാർഥിയായ മകൾ കനിഷ്കയ്ക്കും സുഹൃത്തുക്കൾക്കും ഒപ്പമാണ് ശ്രീനിവാസൻ ഇത്തവണ ശബരീശ സന്നിധിയിലെത്തിയത്.

## ദേവസ്വം ജീവനക്കാർക്ക് ജീവൻരക്ഷാ പരിശീലനം നൽകി ഐ.എം.എ.

ശബരിമല: സന്നിധാനത്ത് ജോലിചെയ്യുന്ന ദേവസ്വം ജീവനക്കാർക്ക് സി.പി.ആർ. അടക്കം അടിയന്തരമായി നൽകേണ്ട പ്രാഥമിക ശുശ്രൂഷകളിൽ പരിശീലനം നൽകി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. ഐ.എം.എ. തിരുവനന്തപുരം ബ്രാഞ്ച് തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ചാണ് പരിശീലനപരിപാടി സംഘടിപ്പിച്ചത്.

സന്നിധാനം ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി തിരുവിതാംകൂർ ദേവസ്വം ബോർഡംഗം അഡ്വ. എ. അജികുമാർ ഉദ്ഘാടനം ചെയ്തു. കുഴഞ്ഞുവീഴുന്നവർക്കും ഭക്ഷണം തൊണ്ടയിൽ കുടുങ്ങിയവർക്കും നൽകേണ്ട പ്രാഥമിക ശുശ്രൂഷകളിലടക്കം പ്രായോഗിക പരിശീലനമാണ് നൽകിയത്. ഡോ. പ്രദീപ് കിടങ്ങൂർ, ഡോ. കെ പി. വിവേക് എന്നിവർ ക്ലാസെടുത്തു. ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ മുരാരി ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിജു വി. നാഥ് എന്നിവർ പങ്കെടുത്തു.

## ശബരിമല ക്ഷേത്ര സമയം (01.12.2024)

രാവിലെ **3.00 -** ഉച്ചയ്ക്ക് **1.00**
വൈകുന്നേരം **3.00 -** രാത്രി **11.00**

പൂജാ സമയം

നെയ്യഭിഷേകം- രാവിലെ **3.30** മുതൽ
ഉഷഃപൂജ- രാവിലെ **7.30**
ഉച്ചപൂജ- **12.30**
ദീപാരാധന-വൈകിട്ട് **6.30**
അത്താഴപൂജ-രാത്രി **9.30**